**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1962** **16-03-2022 - ൽ മറുപടിയ്ക്ക്**

**സർക്കാർ ജീവനക്കാരുടെ സ്ഥലംമാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | null<br>(മുഖ്യമന്ത്രി) | |
| (എ) | സർക്കാർ ജീവനക്കാരുടെ സ്ഥലംമാറ്റത്തിനുള്ള മാനദണ്ഡങ്ങൾക്ക് അനുസൃതമായി കേന്ദ്രീകൃത ഏകജാലക ഓൺലൈൻ ഓപ്ഷൻ സമ്പ്രദായം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | 25.02.2017 ലെ സ.ഉ.(പി) നം.3/2017/ഉ.ഭ.പ.വ നമ്പർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ജീവനക്കാരുടെ നിയമനവും സ്ഥലംമാറ്റവും നടത്തുന്നത് അതാത് വകുപ്പുകളാണ്. |
| (ബി) | കേന്ദ്രീകൃത സോഫ്റ്റ് വെയർ ഇതിനായി ഏർപ്പെടുത്തുവാൻ ആലോചിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | പരിഗണനയിലില്ല |
| (സി) | ഓൺലൈൻ ഓപ്ഷൻ നൽകുമ്പോൾ സ്ത്രീ ജീവനക്കാർക്കും വികലാംഗർക്കും മുൻഗണന നൽകുമോയെന്ന് വ്യക്തമാക്കാമോ? | (സി) | 25.02.2017 ലെ സ.ഉ.(പി) നം.3/2017/ഉ.ഭ.പ.വ നമ്പർ ഉത്തരവിലെ ഖണ്ഡിക 10(iii) പ്രകാരം വനിതാ ജീവനക്കാരെ കഴിയുന്നിടത്തോളം മലയോര ജില്ലകളിൽ, വിദൂര പ്രദേശങ്ങളിൽ നിയമിക്കാതിരിക്കാവുന്നതാണ്. പ്രസവാവധിയിൽ നിന്നും മടങ്ങി വരുന്ന ജീവനക്കാരെയും 31/08/2007 ലെ സ.ഉ.(പി)391/2007/ഫിൻ- ൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം കുട്ടിയെ ദത്തെടുത്തതിനുള്ള അവധിക്ക് അർഹരായിട്ടുള്ള സംസ്ഥാന സർക്കാരിലെ വനിതാ ജീവനക്കാരെയും അവർ എവിടെ നിന്നാണോ അവധിയിൽ പ്രവേശിച്ചത് അതേ സ്റ്റേഷനിലേയ്ക്ക് തന്നെ ഒരു വർഷക്കാലത്തേയ്ക്ക് നിയമിക്കേണ്ടതാണ് എന്നതും കൂടാതെ അവരുടെ ഇഷ്ടപ്പെട്ട സ്റ്റേഷനിലേയ്ക്ക് സ്ഥലം മാറ്റം കിട്ടാൻ അപേക്ഷിക്കുകയാണെങ്കിൽ അവരുടെ അപേക്ഷയ്ക്ക് ഒന്നാമതായി മുൻഗണന നൽകേണ്ടതാണ് എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. 25.02.2017 ലെ സ.ഉ.(പി) നം.3/2017/ഉ.ഭ.പ.വ നമ്പർ ഉത്തരവിലെ ഖണ്ഡിക 11 ൽ പ്രത്യേക മുൻഗണന (പ്രഥമഗണനീയമോ/ പരിരക്ഷിക്കപ്പെട്ടവരോ) ആയ വിഭാഗങ്ങളിൽ വികലാംഗർക്ക് മുൻഗണന നൽകിയിട്ടുണ്ട്. ഒഴിവുകളിലേയ്ക്കുള്ള സ്ഥലംമാറ്റത്തിനും, നിയമനത്തിനും വേണ്ടിയുള്ള ആവശ്യത്തിലേയ്ക്കായി |

| | | | |
|---|---|---|---|
| | | | പരിരക്ഷിക്കപ്പെട്ട/പ്രഥമഗണനീയ വിഭാഗങ്ങൾക്കുള്ള സംരക്ഷണം പരമാവധി 5 വർഷമായി നിജപ്പെടുത്തിയിട്ടുണ്ട്. മുൻഗണനാപ്രകാരമുള്ള സ്ഥലംമാറ്റം അതാത് കാറ്റഗറികളിലെ സ്ഥലംമാറ്റത്തിന്റെ 20 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരിരക്ഷിക്കപ്പെട്ട/പ്രഥമ ഗണനീയ വിഭാഗങ്ങളിൽ മൂന്നാമതായി വികലാംഗരായ ജീവനക്കാരെ ഉൾപ്പെടുത്തിയിട്ടുണ്ട്. 29.08.2017 ലെ സ.ഉ.(എം.എസ്) നം.18/2017/ ഉ.ഭ.പ.വ നമ്പർ ഉത്തരവ് പ്രകാരം 60 ശതമാനത്തിന്മേൽ ഡിസ്സെബിലിറ്റി ഉള്ളവർക്ക് 5 വർഷത്തേയ്ക്ക് പൊതുസ്ഥലംമാറ്റത്തിൽ സംരക്ഷണം നൽകുന്നതോടൊപ്പം കാലാവധി അവസാനിക്കുമ്പോൾ 60 ശതമാനത്തിന്മേൽ ഡിസ്സെബിലിറ്റി ഉള്ളവർ അവകാശ വാദം ഉന്നയിച്ചാൽ മാത്രം സ്ഥലംമാറ്റം നടത്തിയാൽ മതിയാകും എന്നുകൂടി ചേർത്ത്കൊണ്ട് ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ